**പതിമൂന്നാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 6568** — **12.7.2012 ൽ മറുപടിയ്ക്ക്**

**ബഹുനില കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, ലൂഡി ലൂയിസ്<br>,, പി. സി. വിഷ്ണുനാഥ്<br>,, കെ. അച്ചുതൻ | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ബഹുനില കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ. വിശദമാക്കുമോ ; | (എ) (ബി) & (സി) | ബഹുനില കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള വലിയ കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കാൻ ആലോചനയുണ്ട്. കേരളത്തിലെ വർദ്ധിച്ചു വരുന്ന ഊർജ്ജാവശ്യങ്ങൾ ഒരു പരിധി വരെ നിറവേറ്റാൻ ഇതുപ്രകാരം കഴിയുന്നതാണ്. ഇത്തരം പാനലുകൾ സ്ഥാപിക്കുന്നതിലൂടെ ആ കെട്ടിടങ്ങളിലെ പകൽ സമയത്തെ ഊർജ്ജാവശ്യത്തിന്റെ ഒരു ഭാഗം ഇതിലൂടെ നിറവേറ്റാൻ സാധിക്കുന്നതാണ്. ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യവും പരിശോധിച്ചു വരുന്നു. |
| (ബി) | ഇതിനായി നിയമ നിർമ്മാണം നടത്തുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നല്കുമോ; | | |
| (സി) | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | | |

സെക്ഷൻഓഫീസർ